## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 629** **28.09.2011-ൽ മറുപടിയ്ക്ക്**

**ചൂരൽമല പ്രാഥമിക ആരോഗ്യ കേന്ദ്രം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. വി. ശ്രേയാംസ് കുമാർ** | **ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി)** |
| (എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രാഥമിക ചികിത്സാ കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; | (എ) പ്രാഥമികാരോഗ്യകേന്ദ്രമോ സാമൂഹ്യാരോഗ്യകേന്ദ്രമോ മറ്റ് ആശുപത്രികളോ ഇല്ലാത്ത ഗ്രാമപ്രദേശങ്ങളിലാണ് പുതിയതായി പ്രാഥമികാരോഗ്യകേന്ദ്രം ആരംഭിക്കുന്നത്. പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സ്ഥാപനത്തിനാവശ്യമായ കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഇപ്രകാരം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനം നൽകുന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ അവശ്യം സൃഷ്ടിക്കേണ്ട തസ്തികകൾ സംബന്ധിച്ച വിവരങ്ങളും സാമ്പത്തിക ബാധ്യതയും സഹിതം വിശദമായ റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കുന്നു. ഇത് സർക്കാർ തലത്തിൽ പരിശോധിച്ച് മന്ത്രിസഭയുടെ അംഗീകാരത്തോടെ പുതിയ പ്രാഥമികാരോഗ്യകേന്ദ്രം അനുവദിക്കുകയും ഇതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. |

............(2)

(ബി) കൽപ്പറ്റ മേപ്പാടി ഗ്രാമ പഞ്ചായത്തിൽ പ്പെട്ട ചൂരൽമല പ്രദേശത്ത് പ്രാഥമികാരോഗ്യകേന്ദ്രം ആരംഭിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

സി) പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ ചൂരൽമല പ്രദേശത്ത് പ്രാഥമിക ചികിത്സാ കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി) യും (സി) യും ഉണ്ട്. പ്രസ്തുത സ്ഥലത്ത് പുതിയ പ്രാഥമികാരോഗ്യ കേന്ദ്രം ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ വയനാട് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ